പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2838 — 09.05.2017 ൽ മറുപടിക്ക്

## സ്ഥിരമായി അപകടമരണങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ ജാഗ്രതാ സമിതികൾ

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്ത് ദേശീയ പാതകളിലും സംസ്ഥാന റോഡുകളിലും നിരവധി അപകടമരണങ്ങൾ സംഭവിക്കുന്നത് മോട്ടോർ വാഹന വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; | (എ) പരിശോധിച്ചിട്ടുണ്ട് |
| (ബി) ഇതിന് പരിഹാര മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ;അവ നടപ്പിലാക്കിയിട്ടുണ്ടോ; | (ബി) അമിത വേഗത റോഡ് അപകടങ്ങൾ സൃഷ്ടിക്കുന്നതിന് ഒരു പ്രധാന പങ്ക് വഹിക്കുന്നു എന്ന് മനസ്സിലാക്കിക്കൊണ്ട് വാഹനങ്ങളുടെ അമിത വേഗത നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സ്റ്റേജ് കാര്യേജുകളിലും, ഹെവി വാഹനങ്ങളിലും, സ്കൂൾ വാഹനങ്ങളിലും, ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുണ്ട്.മൊബൈൽ എൻഫോഴ്സ്മെന്റ് സ്കാഡ് നടത്തുന്ന ചെക്കിംഗുകളിലും, ഓഫീസ് തലങ്ങളിൽ നടത്തുന്ന ചെക്കിംഗുകളിലും അമിത വേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതു കൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഡ്രൈവർമാർക്ക് നൽകിവരുന്ന പരിശീലന പരിപാടികളിൽ അമിതവേഗതയ്ക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. മദ്യപിച്ചും, അശ്രദ്ധമായും വാഹനം ഉപയോഗിക്കുന്നവരുടെ ലൈസൻസ് കണ്ടുകെട്ടുക, സസ്പെൻഷൻ, പിഴ |

| | | | |
|---|---|---|---|
| | | | ഈടാക്കൽ തുടങ്ങിയ നടപടികളും സ്വീകരിച്ചുവരുന്നു. അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ച് വാഹനങ്ങളുടെ അമിത വേഗത കണ്ടുപിടിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.റോഡപകടങ്ങൾ നിയന്ത്രിയ്ക്കുന്നതിനും, റോഡ് സുരക്ഷാ പ്രവർത്തനം കൂടുതൽ ഫലവത്തായി നടത്തുന്നതിലേയ്ക്കും വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിച്ചുവരുന്നു. കൂടാതെ, മഴക്കാലത്തിനു മുന്നോടിയായി പ്രത്യേക പ്രീ-മൺസൂൺ പരിശോധനകളും നടത്തിവരുന്നു. റോഡ് സുരക്ഷയ്ക്ക് ഒരു ദശകം എന്ന ലോകാരോഗ്യ സംഘടന ആഹ്വാനം ചെയ്ത പരിപാടിയുടെ ഭാഗമായി കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ ധന സഹായത്തോടെ ബോധവത്കരണ പരിപാടി നടത്തിവരുന്നു. |
| (സി) | അപകടമരണങ്ങൾ ഉണ്ടാകുമ്പോൾ സജീവമാകുന്ന മോട്ടോർ വാഹന വകുപ്പിന്സ്ഥിരമായി സജീവമാകുവാൻ നിർദ്ദേശം നൽകുമോ; | (സി) | സ്ഥിരമായി സജീവമാണ് |
| (ഡി) | ജില്ലാ ഭരണകൂടവുമായി യോജിച്ച് പ്രവർത്തനങ്ങൾ നടത്തുവാൻ വകുപ്പ് തയ്യാറാകുമോ | (ഡി) | കേരളാ റോഡ് സേഫ്റ്റി അതോറിറ്റിയുടെ കീഴിൽ മോട്ടോർ വാഹന വകുപ്പുൾപ്പെടെ മറ്റു വകുപ്പുകളെയും ഏകോപിപ്പിച്ച് റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ നടത്തിവരുന്നു. |
| (ഇ) | സ്ഥിരമായി അപകടമരണങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ്, എൻ.സി.സി. തുടങ്ങിയ സംഘടനകളുടെ സേവനവും 24 മണിക്കൂറും പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥ സംവിധാനവും ഉറപ്പാക്കുമോ; | (ഇ) | സ്റ്റുഡന്റ് പോലീസ് കേഡറ്റ്, എൻ.സി.സി മുതലായ സംഘടനകൾ കേരളാ റോഡ് സേഫ്റ്റി അതോറിറ്റിയുമായി യോജിച്ച് റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. 24 മണിക്കൂറും പ്രവർത്തിയ്ക്കുന്ന ഉദ്യോഗസ്ഥ സംവിധാനത്തിന് മോട്ടോർ വാഹന വകുപ്പിലെ ഇപ്പോഴുള്ള ഉദ്യോഗസ്ഥർ പര്യാപ്തമാവില്ല |
| (എഫ്) | ഈ സ്ഥലങ്ങളിൽ മോട്ടോർ വാഹനവകുപ്പിന്റെ നേതൃത്വത്തിൽ ജാഗ്രതാ സമിതികൾ രൂപീകരിക്കുമോ; വിശദമാക്കുമോ; | (എഫ്) | ജാഗ്രതാ സമിതികൾ രൂപീകരിയ്ക്കുവാനുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ വകുപ്പിന്റെ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| (ജി) | മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ പ്രസ്തുത വിഷയം സംബന്ധിച്ച് പഠനം നടത്തുന്ന ഏജൻസി ഏതാണെന്നും പ്രൊജക്ടുകൾ കേന്ദ്രത്തിന് സമർപ്പിക്കുന്നതിനും ഫണ്ട് ലഭ്യമാക്കുന്നതിനുമുള്ള ഇവരുടെ പ്രവർത്തനമെന്താണെന്നും വ്യക്തമാക്കുമോ; ഏജൻസിയുടെ കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ പ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കുമോ; പ്രസ്തുത ഏജൻസി കൃത്യമായ സമയത്ത് പദ്ധതി കേന്ദ്രത്തിന് സമർപ്പിക്കാത്തത് സംബന്ധിച്ച പരാതിയിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ? | (ജി) | ഇത്തരമൊരു ഏജൻസി മോട്ടോർ വാഹന വകുപ്പിനു കീഴിൽ പ്രവർത്തിയ്ക്കുന്നില്ല. |

സെക്ഷൻ ഓഫീസർ